

# പൂമൊട്ടുകൾ

## വാന നിരീക്ഷണം

ഒരാൾ രാത്രി നക്ഷത്രങ്ങളെ നിരീക്ഷിച്ചു കൊണ്ട് നടക്കുകയായിരുന്നു. ആ നടത്തത്തിനിടെ വഴിയിലെ കിണർ അയാൾ കണ്ടില്ല. കിണറ്റിൽ കാൽ തെറ്റി വീണ അയാൾ വെള്ളത്തിൽ വീണ് കരയാൻ തുടങ്ങി.

അതുകേട്ട് ആളുകൾ ഓടിക്കൂടി. അയാളെ കിണറ്റിൽ നിന്നും മുകളിലേക്ക് കയറ്റുന്നതിനിടെ ഒരാൾ പറഞ്ഞു:

“മാനത്തുള്ളത് നോക്കി കണ്ടുപിടിക്കുന്നതിനിടയിൽ ഭൂമിയിലുള്ളത് കാണാൻ കഴിഞ്ഞില്ല, പാവം!”

**അഫീഫ റഹ്മാൻ**
ക്ലാസ്-8, അൽ അഖ്സ
പബ്ലിക് സ്കൂൾ, കാതിക്കോട്

## മറക്കാനാവാത്ത ഉപകാരങ്ങൾ

വലിയ ഷോപിംഗ്മാൾ , അതിന്റെ ഒരു ഭാഗത്തു നിന്ന് സാധനങ്ങൾ വാങ്ങുകയാണ് നിമ്യ. അവൾ തന്റെ മക്കളോട് അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കളിക്കല്ലേ എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്.

പെട്ടെന്ന് ഒരു സ്ത്രീ തന്റെയടുക്കലേക്ക് വരുന്നതവൾ കണ്ടു. ആരാണത്? എവിടെയോ കണ്ടപോലെ ഉണ്ടല്ലോ. നിമ്യ ഓർമ്മകളുടെ താളുകൾ മറിച്ചു നോക്കി. ആ സ്ത്രീ അടുത്തെത്തി. ആ സ്ത്രീ നിമ്യയുടെ കൈപിടിച്ച് അറിയുമോ എന്ന് ചോദിച്ചു. ആരാണെന്ന് മനസ്സിലാവാതെ നിമ്യ അവിടെ അങ്ങനെ നിന്നു. അവസാനം ആ സ്ത്രീ തന്നെ പരിചയപ്പെടുത്തി. നിമ്യ അന്തം വിട്ടുപോയി.

നിമ്യയുടെ ബാല്യകാലത്തിലെ അടുത്ത കൂട്ടുകാരിയാണ് തന്റെയടുത്ത് നിൽക്കുന്നത് എന്നറിഞ്ഞ നിമ്യ ശ്രീലക്ഷ്മിയെ കെട്ടിപ്പിടിച്ചു. ശ്രീലക്ഷ്മിയും നിമ്യയും ചെറുപ്പത്തിൽ ഒരു ബെഞ്ചിലിരുന്ന് പഠിച്ച കഥകൾ പറഞ്ഞ് അവർ ചിരിച്ചു. നിമ്യയും ശ്രീലക്ഷ്മിയും തങ്ങളുടെ വിശേഷങ്ങൾ പങ്കുവെച്ചു.

അവർ അവരുടെ പത്താം ക്ലാസ് പഠനത്തിന് ശേഷം ഒരു പ്രാവശ്യമേ കണ്ടുള്ളൂ. അവർ അവരുടെ ജോലിയെ പറ്റിയും താമസസ്ഥലത്തെ പറ്റിയും പറഞ്ഞു കൊണ്ടിരുന്നു. നിമ്യ തങ്ങളുടെ തിരക്കുപിടിച്ച പട്ടണത്തിലെ ജോലിയെ പറ്റി പറഞ്ഞപ്പോൾ ശ്രീലക്ഷ്മി പറഞ്ഞു: “നമ്മൾ ഒന്നിച്ചു പഠിച്ചവർ ഇപ്പോൾ ഇവിടെ നിൽക്കുന്നു. കണ്ടാൽ പറയില്ല അല്ലേ?”

സമ്പന്നയായ നിമ്യക്ക് ശ്രീലക്ഷ്മിയുടെ ദാരിദ്ര്യം അവളുമായുള്ള സംസാരത്തിൽ നിന്ന് മനസ്സിലായി. അവൾ ശ്രീലക്ഷ്മിക്ക് ഒരുപാട് സാധനങ്ങൾ വാങ്ങിക്കൊടുത്തു. ചെറുപ്പത്തിൽ ലക്ഷ്മി അച്ഛനില്ലാത്ത നിമ്യയെ സഹായിച്ചതിന് കണക്കില്ല. അതുകൊണ്ട് ഇന്നവൾ തിരിച്ചും സഹായിക്കുന്നു.

വീട്ടിലേക്ക് വന്ന ശ്രീലക്ഷ്മിക്ക് സന്തോഷമായി. വർഷങ്ങൾ പിന്നിട്ടിട്ടും നിമ്യ അവളെ മറന്നില്ല. താൻ ചെയ്തു കൊടുത്ത ഉപകാരങ്ങൾ മറന്നില്ല. മനസ്സിൽ നിന്ന് കുട്ടിക്കാലത്തിന്റെ കുഞ്ഞു നൻമകൾ അവളുടെ മനസ്സിനെ തഴുകി.

**ഫാസില ശരീഫ് സി,** ക്ലാസ്-8,
മർകസുൽ ഉലൂം കൊണ്ടോട്ടി



**റസാനത്ത് കെ,** ക്ലാസ്-3
എ.എം.എൽ.പി സ്കൂൾ
നെട്ടൻചോല

# കൃതജ്ഞതയും സ്നേഹവും




മനുഷ്യരുടെ ഉദാത്ത മൂല്യങ്ങളായ സ്നേഹം, കരുണ, നന്ദി മുതലയാവയാണ് അവന്റെ ജീവിതത്തെ സന്തോഷകരവും സമാധാനപൂർണ്ണവുമാക്കുന്നത്. സ്നേഹത്തിന്റെ പൂർണ്ണതയിൽ തന്നെ കരുണയും കൃതജ്ഞതയും ഉണ്ട്. ഫാസില ശരീഫ് എഴുതിയ 'മറക്കാനാവാത്ത ഉപകാരങ്ങൾ' എന്ന കഥ ഈ ആശയത്തെ നന്നായി പ്രതിഫലിപ്പിക്കുന്നു. നമ്യയും ശ്രീലക്ഷ്മിയും സഹപാഠികൾ ആയിരുന്നു. വർഷങ്ങൾക്കുശേഷം മധ്യവയസ്കരായിത്തീർന്ന ശേഷം അവർ ഒരു മാളിൽ കണ്ടുമുട്ടുന്ന രംഗത്തോടെ കഥ ആരംഭിക്കുന്നു. ശ്രീലക്ഷ്മി നിമ്യയെ കുട്ടിക്കാലത്ത് സഹായിച്ചിരുന്നു. ഇന്ന് നിമ്യ കോടീശ്വരിയാണ്. അവൾ ശ്രീലക്ഷ്മിയെ വീട്ടിലേക്ക് ക്ഷണിക്കുന്നു. തിരിച്ച് അവളുടെ സാമ്പത്തിക തകർച്ചയിൽ സഹായിക്കുന്നു. ഇത്രക്ക് നന്മയെ പ്രകീർത്തിക്കുന്ന സുന്ദരമായ കഥയെഴുതിയതിന് കഥാകാരിക്ക് മാഷിന്റെ അഭിനന്ദനങ്ങൾ!

സസ്നേഹം
**മാഷ്**

# കുസൃതിച്ചോദ്യങ്ങൾ



1. പണം ഇരട്ടിപ്പിക്കാനുള്ള എളുപ്പമാർഗം?
2. അതെ എന്ന് പറയാൻ കഴിയാത്ത ചോദ്യം?
3. പറിക്കാൻ കഴിയാത്ത പൂ?
4. ഏത് ഭാഷയിലും എളുപ്പത്തിൽ എഴുതാൻ എന്ത് വേണം?
5. ഒരു ടൺ ഉണ്ടെങ്കിലും ഭാരമില്ല.
6. രുചിയില്ലാത്ത നാവ്?



7. ടയറില്ലാത്ത കാർ?
8. യാത്ര ചെയ്യാൻ കഴിയാത്ത വാൻ?
9. ഭക്ഷണം വിളമ്പാനാകാത്ത പാത്രം?

**യാസീൻ ഹമ്മാദ്,** ക്ലാസ്-8
ദാറുൽ ഖുർആൻ, പുറക്കാട്

<u>ഉത്തരങ്ങൾ</u>

1. കണ്ണാടിക്ക് മുമ്പിൽ വെക്കുക, 2. നീ ഉറങ്ങുകയാണോ, 3. ഷാംപൂ, 4. പേന വേണം, 5. ബട്ടൺ, 6. കിനാവ്, 7. മഴക്കാർ, 8. ജവാൻ, 9. കഥാപാത്രം.



**ജുബൈരി അർവഹാബ്,** ക്ലാസ് -1
പി.എ.എൻ.എം പബ്ലിക് സ്കൂൾ
കുന്നിക്കോട്



**ഹൈമി ഫാത്തിമ,** ക്ലാസ്-1
എ.എം.യു.പി സ്കൂൾ
മോങ്ങം